# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 965 05.03.2020 -ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.വി.അൻവർ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.എം.നൗഷാദ് | : ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി സ്വീകരിച്ച കർശന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി 2 കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഒന്നാംതരം ഗുണനിലവാര പരിശോധന ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലാകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനാ സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ. കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഭാഗമായി പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് വിഭാഗത്തിൽ അധികമായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും ജില്ലാതല ക്വാളിറ്റി കൺട്രോൾ |

| | | | |
|---|---|---|---|
| | | | വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകിയിട്ടുമുണ്ട്. കൂടാതെ. സോഷ്യൽ ആഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുക വഴി അഴിമതിയും ക്രമക്കേടുകളും ഒരു പരിധി വരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (സി) | പൊതുമരാമത്ത് പ്രവൃത്തികളിലെ ക്രമക്കേടുകളും അഴിമതിയും സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സ്വീകരിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് നേരിട്ട് അറിയിക്കാൻ പൊതുമരാമത്ത് വകുപ്പിൽ പ്രത്യേക പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റേയും പ്രവൃത്തികളുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിന്റേയും ഭാഗമായി സോഷ്യൽ ആഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗങ്ങളായുള്ള ജില്ലാതല സോഷ്യൽ ആഡിറ്റ് സമിതി മുൻപാകെ റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി നൽകാവുന്നതാണ്. താഴെ തട്ടിലുള്ള ഓഫീസ് മുതൽ മന്ത്രി ഓഫീസ് വരെ നേരിട്ടു പരാതി സമർപ്പിക്കാനും അവസരമുണ്ട്. |

RH

**സെക്ഷൻ ഓഫീസർ**